"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ആവർത്തന ചെലവ് വരുത്തുന്ന രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല എന്നതിൽ വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1523/2023/LSGD തീയതി,തിരുവനന്തപുരം, 26-07-2023

---

പരാമർശം:-
1. 11/05/2017 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിന്റെ നടപടികുറിപ്പിലെ തീരുമാനം നമ്പർ 2.13,
2. 15/06/2023 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15/06/2023 -ൽ നടന്ന യോഗത്തിന്റെ നടപടി കുറിപ്പിലെ പൊതുവിഷയം3(1) തീരുമാനം.

**<u>ഉത്തരവ്</u>**

ആർദ്രം പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞ് ഒ.പി സേവനം ഉറപ്പാക്കുന്നതിനായി ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുവാൻ പരാമർശം(1) പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കൈമാറി കിട്ടിയ ഇത്തരം സ്ഥാപനങ്ങളിൽ ഇതിലധികം സ്റ്റാഫിനെ ദിവസവേതനം/കരാറടിസ്ഥാനത്തിൽ അനുമതി കൂടാതെ നിയമിക്കുന്ന പ്രവണതയുണ്ട്. ഇങ്ങനെ സ്റ്റാഫുകളെ നിയമിക്കേണ്ടത് പരിശോധനയുടെ അടിസ്ഥാനത്തിൽ അതതു വകുപ്പുകളാണ്. ഇതു തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയല്ല. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് മുൻഗണന നൽകാവുന്നതാണെന്നും എന്നാൽ ഇനി മുതൽ ആവർത്തന ചെലവ് വരുത്തുന്ന രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്നും എന്നാൽ സർക്കാർ അനുമതി ഇതിനകം നൽകിയിട്ടുള്ള കേസുകളിൽ അനുമതി നൽകി കൊണ്ടുള്ള ഉത്തരവിൽ പറയുന്ന കാലയളവിലേക്ക് ഇതിനകം നിയമിച്ചവർക്ക് തുടരാവുന്നതാണെന്നും എന്നാൽ സ്വന്തമായി ആവർത്തന ചെലവ് കണ്ടെത്താവുന്ന രീതിയിലുള്ള പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്നും പരാമർശം(2) തീരുമാന പ്രകാരം ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വിംഗ്), ഐ&പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 27-07-2023 11:13:54
സെക്ഷൻ ഓഫീസർ